24 (2324) തുളസീധരന്റെ സഹോദരിക്ക് ആശ്രിതനിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി സെൻട്രൽ സബ്ഡിവിഷൻ സി.എൻ. ആർ. വർക്കറായിരിക്കെ 18-07-1977-ൽ അന്തരിച്ച കെ. തുളസീധരന്റെ സഹോദരി ആശ്രിതനിയമനം ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ള തായി അറിയുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അപേക്ഷ നിരസിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) അപേക്ഷ സമർപ്പിച്ച കാലത്തെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം ഈ വ്യക്തിക്ക് നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് അപേക്ഷ പരേതൻ ജോലി ചെയ്തിരുന്ന ഓഫീസിൽ അയച്ചിരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

25 (2325) മുജീബിന് ആശ്രിത നിയമനം നൽകാൻ നടപടി

ശ്രീ. കെ.കെ രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റിലെ ഡ്രൈവറായിരുന്ന വയനാട് ജില്ലക്കാരനായ പി. കുഞ്ഞാപ്പൂട്ടി സർവീസിലിരിക്കെ മരണപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹത്തിന്റെ മകൻ പി. മുജീബ് കമ്പാഷനേറ്റ് എംപ്ലോയ്മെന്റ് സ്കീം അനുസരിച്ച് ജോലി ലഭിക്കുന്നതിന് ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചിരുന്നുവോ;

(സി) ശ്രീ. കുഞ്ഞാപ്പൂട്ടി മരണപ്പെട്ട് ഏകദേശം നാലരവർഷം കഴിഞ്ഞിട്ടും ശ്രീ. മുജീബിന് ജോലി ലഭിച്ചിട്ടില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുജീബിന് ജോലി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 15-11-1997-ൽ ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 15-11-97-ൽ മുജീബ് സമർപ്പിച്ച അപേക്ഷ 17-1-98-ൽ ഡി. ജി.പി.യിൽ നിന്നും ശുപാർശയോടെ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ജോലി ലഭിക്കുന്നതിനുവേണ്ടി ശ്രീ. മുജീബ് സമർപ്പിച്ച അപേക്ഷയുടെ സീനിയോറിറ്റി എത്തുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതാണ്.

26 (2326) ഭരണച്ചെലവ് കുറയ്ക്കാൻ പരിപാടികൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണച്ചെലവ് കുറയ്ക്കാൻ സർക്കാർ എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാചെലവുകൾ, ഇന്ധനച്ചെലവുകൾ എന്നിവയിൽ ചെലവു ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.ടി.ഡി/ഐ.എസ്.ഡി സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും, സംസ്ഥാനത്തിനു പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പാടുള്ളതല്ല. ഉദ്യോഗസ്ഥൻമാർക്ക് സംസ്ഥാനത്തിനു പുറത്തു പോകുന്നതിന് വിമാനയാത്ര നിരോധിച്ചിട്ടുണ്ട്. ഒഴിച്ചുകൂടാനാവാത്ത അവസരങ്ങളിൽ മാത്രമേ ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് വിമാനയാത്ര അനുവദിക്കുകയുള്ളൂ. വിദേശയാത്ര പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഈ ചെലവുചുരുക്കൽ നടപടികൾ എല്ലാംതന്നെ സർക്കാർ കമ്പനികൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/സർവകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളുമടക്കം സംസ്ഥാന ഖജനാവിൽനിന്നും സാമ്പത്തിക സഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

27 (2328) ഇ.എം.എസ്. സ്മാരകം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യകേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന് സ്മാരകം നിർമ്മിക്കുവാൻ സംസ്ഥാന സർക്കാരിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റേഡിയത്തിന് ഇ.എം.എസ്. സ്റ്റേഡിയം എസ് പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly